(ബി) ഇതുമൂലം പൊതുജനങ്ങൾക്കുണ്ടായിരുന്ന പ്രയോജനങ്ങൾ എന്തെല്ലാമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇത് പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) താലൂക്ക് സഭകൾ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമസഭകൾ അത്ര സജീവമല്ല.

(ബി) പൊതുജനങ്ങളുടെ പരാതികൾ രമ്യമായി പരിഹരിക്കുവാൻ മിക്കവാറും കേസുകളിൽ കഴിയാറുണ്ട്. വഴി തർക്കങ്ങൾ, അതിരുതർക്കങ്ങൾ, മാലിന്യ പ്രശ്നങ്ങൾ, ഗതാഗത പ്രശ്നങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, ശല്യമുള്ള മരത്തിന്റെ ശിഖരങ്ങൾ മുറിച്ചുമാറ്റൽ, പൊതുജനാരോഗ്യ പ്രശ്നങ്ങൾ എന്നീ തരത്തിലുള്ള പരാതികളാണ് താലൂക്ക് സഭയിൽ പരിഗണനയ്ക്ക് വരുന്നത്.

(സി) കൂടുതൽ സജീവമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ലോകബാങ്ക് സഹായത്തോടെയുള്ള റോഡ് വികസനം

*14 [283] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെയുള്ള റോഡ് നിർമ്മാണത്തിൽ എത്ര കിലോമീറ്റർ റോഡിന്റെ വികസനമാണ് ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം ജില്ലകളിലൂടെ കടന്ന് പോകുന്നുവെന്ന് വ്യക്തമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന റോഡ് വികസന പദ്ധതിയിൽ (കെ. എസ്. ടി. പി.) 1600 കി. മീ. റോഡുകളാണ് അഭിവൃദ്ധിപ്പെടുത്തുന്നത്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly